# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1869 — 06.07.2015-ലെ മറുപടിക്ക്

## പാമോലിൻ ഇറക്കുമതി അഴിമതി കേസ്

| ചോദ്യം | മറുപടി |
|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.എം.ഹംസ<br>ശ്രീ. കെ.സുരേഷ് കുറുപ്പ് : | രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി |
| (എ) പാമൊലിൻ ഇറക്കുമതി നടത്തിയത് സംബന്ധിച്ച കേസ് വിചാരണ നടക്കുന്നുണ്ടോ ; | (എ) പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് കേസ് വിചാരണ നടക്കുന്നുണ്ട്. |
| (ബി) വിചാരണ ചെയ്യുന്നതിനെതിരെ വിജിലൻസ് കോടതിയിലും ഹൈക്കോടതിയിലും ഉയർത്തിയ തടസ്സവാദങ്ങൾ കോടതികൾ അംഗീകരിച്ചിട്ടുണ്ടോ ; കീഴ്ക്കോടതിയുടെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ ; | (ബി) കേസ് വിചാരണ ചെയ്യുന്നതിനെതിരെ വിജിലൻസ് കോടതിയിലും ഹൈക്കോടതിയിലും ഉന്നയിച്ച തടസ്സവാദങ്ങൾ കോടതി അംഗീകരിച്ചിട്ടില്ല. കീഴ്ക്കോടതി ഉത്തരവ് റദ്ദാക്കിയിട്ടില്ല. |
| (സി) പാമൊലിൻ ഇടപാടിൽ ഖജനാവിന് നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയത് സി & എ.ജി ആയിരുന്നുവോ; പ്രസ്തുത റിപ്പോർട്ടിന്മേലുള്ള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിഗമനം എന്തായിരുന്നു ; | (സി) അല്ല, വിജിലൻസ് ആൻറ് ആൻറികറപ്ഷൻ ബ്യൂറോ നടത്തിയ പ്രാഥമിക അന്വേഷണത്തിലാണ് നഷ്ടം ഉണ്ടായതായി കണ്ടെത്തിയത്. കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറലിൻെറ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അന്വേഷണം നടത്തുകയും പാമൊലിൻ ഇറക്കുമതിയിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നും വിശദമായ അന്വേഷണം നടത്തണമെന്നും ശുപാർശ ചെയ്തിരുന്നു. |
| (ഡി) കേസ് പിൻവലിക്കാൻ പബ്ലിക് പ്രോസിക്യൂട്ടർ ഹർജി നൽകുകയുണ്ടായോ ; അത് അനുവദിക്കപ്പെടുകയുണ്ടായോ ; ഇതിനെതിരെ ഹൈക്കോടതിയിൽ റിവ്യൂ ഹർജി നൽകിയിട്ടുണ്ടോ ; എങ്കിൽ കാരണം വെളിപ്പെടുത്താമോ ? | (ഡി) ഹർജി നൽകുകയുണ്ടായെങ്കിലും അനുവദിക്കപ്പെട്ടില്ല. കീഴ്ക്കോടതിയുടെ ഉത്തരവിൽ അപാകതകൾ ഉണ്ടായിരുന്നതുകൊണ്ടാണ് റിവ്യൂ ഹർജി ഫയൽ ചെയ്തത്. |

സെക്ഷൻ ഓഫീസർ